# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലൈബ്രറി ശാക്തീകരണം
7. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
8. പഠനയാത്രകൾ
9. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
10. പ്രവൃത്തി പരിചയ പരിശീലനം
11. പച്ചക്കറിത്തോട്ടം
12. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
13. കായികശേഷി വികസനം
14. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
15. ഐ.ടി പഠനം - കാര്യക്ഷമമാക്കൽ
16. ജന്മദിന പുസ്തകം
17. ചിത്രരചനാ ക്യാമ്പ്
18. ഗണിത, ശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ
19. ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ

മേഖല - ഹൈസ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• ചിത്രം - കഥ എഴുതൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | ജൂൺ - ആഗസ്റ്റ് | പുസ്തകങ്ങൾ, ചിത്രങ്ങൾ | മലയാളം അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• പത്രവായന<br>• പുസ്തക ചർച്ച<br>• വായനോത്സവം<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>• ദിനാചരണം.<br>• ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>• ഇ-വായന | അക്കാദമിക വർഷം | ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ് | മലയാളം അധ്യാപകർ |
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | • എഴുത്തുകൂട്ടം രൂപീകരണം<br>• പുസ്തക ചർച്ച<br>• വായനക്കുറിപ്പ്<br>• വ്യക്തിഗത രചന | അക്കാദമിക വർഷം | ലൈബ്രറി പുസ്തകങ്ങൾ, ഫോട്ടോകൾ | മലയാളം അധ്യാപകർ |

മേഖല - ഹൈസ്കൂൾ ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | • Spoken English Class.<br>• English Corner Story-time<br>• English Assembly | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | - |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Role Play, English Day ആചരണം, Seminar, ചർച്ചകൾ പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | • അക്ഷര കാർഡ്<br>• പദകാർഡ്<br>• വാക്യനിർമ്മാണത്തിനുള്ള കാർഡ്<br>• ചിത്രവായന<br>• ലഘുകഥ നിർമ്മാണം<br>• പത്രവായന<br>• എന്റെ ഡയറി<br>• News Reading Competition | ക്ലാസ്റൂം പ്രവർത്തനങ്ങൾ | ഇംഗ്ലീഷ് ക്ലബ്, SRG | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | മേഖല - ഹൈസ്കൂൾ - ഹിന്ദി | | | |
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ, വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | – |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ, എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | – |
| 3) വിവർത്തകർ, വാർത്ത വായനക്കാർ ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ, പി.ടി.എ | പി.ടി.എ. |
| | മേഖല - ഹൈസ്കൂൾ - സയൻസ് | | | |
| 1) കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | • പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | - |
| | • ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുക. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | - |
| 2) നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | • ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതു വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>• വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | - |
| 3) അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരിവ് നേടൽ | • പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br>• സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ് സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. |

മേഖല - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേക തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | - |
| 2) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരെ സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | - |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്ന ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | - |
| 4. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | - |

## മേഖല - ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | നിത്യജീവിതത്തിലെ സംഭവങ്ങളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളുമായി കോർത്തിണക്കി പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷം | ഗണിതാധ്യാപകർ | - |
| 2) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഗണിതാധ്യാപകർ | - |
| 3) ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഉജ്ജ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ഗണിതാധ്യാപകർ | പി.ടി.എ. |
| 4. അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം | ഗണിതാധ്യാപകർ SRG | - |

മേഖല - യു. പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താൻ പഠിതാക്കളെ പ്രാപ്തരാക്കുക. | • എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | - |
| | • അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ - മാർച്ച്. | മലയാളം അധ്യാപകർ | - |
| 2) പഠിതാവിൽ വായന ശീലം വളർത്തുക. | • പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂൺ - മാർച്ച് | മലയാളം അധ്യാപകർ/ ക്ലബ്. | - |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | • ലൈബ്രറിയിൽ ലഭ്യമായ പുസ്തകങ്ങൾ കുട്ടികളിലെത്തിക്കുകയും, കുറിപ്പ് തയാറാക്കൽ, എഴുത്തുകാരുമായുള്ള അഭിമുഖ സംഭാഷണങ്ങൾ നടത്തുന്നു. | ജൂൺ - മാർച്ച് | മലയാളം അധ്യാപകർ/ ക്ലബ് | - |
| | • മലയാളം കൈയ്യെഴുത്ത് മാസിക | മാർച്ച് | മലയാളം അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കവിതാലാപനം, സ്കൂൾ ലഘു നാടകങ്ങൾ തുടങ്ങിയ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | ജൂൺ - മാർച്ച് | മലയാളം അധ്യാപകർ | – |
| | മേഖല - യു.പി ഇംഗ്ലീഷ് | | | |
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അതായാനും സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | • ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. E-cube ന്റെ സഹായം തേടുന്നു. | ജൂൺ - മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ | – |
| | • ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ - മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | • വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. ലളിതമായതിൽ നിന്നു സങ്കീർണ്ണമായതിലേക്ക് | ജൂൺ - ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുവാൻ പ്രാപ്തരാക്കുന്നു | • കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് തോറും മിനി ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | • സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ / ക്ലബ്ബ് | - |
| | • യു.പി ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് നാടകം, കവിതാലാപനം, പ്രസംഗം തുടങ്ങിയ മത്സരങ്ങൾ നടത്തുന്നു. | വർഷത്തിൽ മൂന്നു തവണ | ഇംഗ്ലീഷ് അധ്യാപകർ/ ക്ലബ്ബ് | - |

മേഖല - യു.പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) അക്ഷര ബോധം ഉറപ്പിക്കൽ | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ | - |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി തന്നെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ | - |
| 3) ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി വിശകലനം |
|---|---|---|---|---|
| ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും | ഹിന്ദി മാത്രം ഭിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ | - |
| മേഖല - യു.പി അടിസ്ഥാന ശാസ്ത്രം | | | | |
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | . ഔഷധത്തോട്ടം, പച്ചക്കറി തോട്ടം എന്നിവ നിർമ്മാണം<br>. വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം, | അക്കാദമിക വർഷം<br>ജൂലൈ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്, എക്കോ ക്ലബ്<br>ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്, എക്കോ ക്ലബ് | പി.ടി.എ<br>- |
| 2) ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | . വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് | സയൻസ് ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | - |
| | മേഖല - യു. പി ഗണിതം | | | |
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം നൽകുന്നു. നമ്പർ കാർഡ്, മുത്തുകൾ, ഫ്ളാഷ് കാർഡ് എന്നിവ | ജൂൺ | ഗണിതാധ്യാപകർ | - |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിച്ചു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | അക്കാദമിക വർഷം | ഗണിതാധ്യാപകർ, ഗണിത ക്ലബ്ബ് | - |
| 3. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് | മാസത്തിൽ ഒരു പ്രാവശ്യം | ഗണിതാധ്യാപകർ | - |

| | | | | |
|---|---|---|---|---|
| | മേഖല : ലൈബ്രറി | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| • സ്കൂൾ ലൈബ്രറിയുടെ കൃത്യമായ ഉപയോഗം | ടൈംടേബിൾ പ്രകാരം ക്ലാസിലെ മുഴുവൻ കുട്ടികളെയും ലൈബ്രറിയിൽ ഇരുത്തി വായിപ്പിക്കുന്നു. പുസ്തകങ്ങൾ വീട്ടിൽ കൊടുത്ത് വിടുന്നു. | അക്കാദമിക വർഷം | ലൈബ്രറിയൻ / ക്ലാസ് അധ്യാപകർ | |
| | മേഖല : പഠനോപകരണ നിർമ്മാണം | | | |
| • കുട്ടികൾക്ക് പഠന മേഖലകൾ ലഘൂകരിക്കുന്നതിന് വേണ്ടി പഠനത്തിൽ താൽപര്യം ജനിപ്പിക്കുന്നതിന് വേണ്ടി. | ഒറിഗാമി, ഗണിതത്തിൽ കുട്ടികൾ സ്വയം ഉണ്ടാക്കുന്ന മോഡലുകൾ, ശാസ്ത്രത്തിൽ ലഘു പരീക്ഷണങ്ങൾ, ഫയൽ നിർമ്മാണം, വർക്കിംഗ് മോഡലുകൾ, സ്റ്റിൽ മോഡലുകൾ | അക്കാദമിക വർഷം | അധ്യാപകർ | |
| | മേഖല : പഠനയാത്രകൾ | | | |
| • പ്രാദേശിക പരിസ്ഥിതികളും വിഭവങ്ങളും ചരിത്രവും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനും അനുഭവവേദ്യമാക്കുന്നതിനും പഠനഭാരം ലഘൂകരിച്ച് ഉല്ലാസമാക്കുന്നതിനും | ഏകദിന പഠനയാത്രകൾ, പ്രാദേശിക ചരിത്ര പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്കുള്ള ഫീൽഡ് ട്രിപ്പ്. | അക്കാദമിക വർഷം | പഠനയാത്ര കമ്മിറ്റി / അധ്യാപകർ | രക്ഷിതാക്കൾ |

## മേഖല : IED

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശക |
|---|---|---|---|---|
| • പ്രത്യേക പരിഗണന അർഹിക്കുന്ന CWSN കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം തന്നെ പഠിക്കുവാൻ ഉള്ള അവസരം നൽകുന്നു. | കുട്ടികളുടെ ശാരീരിക മാനസിക പരിമിതികൾ പരിഗണിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ | |
| • പഠന കാര്യങ്ങളിൽ റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. | • IQ ടെസ്റ്റിലൂടെയും മറ്റ് സാങ്കേതിക സഹായങ്ങളിലൂടെയും പഠന നിലവാരം മെച്ചപ്പെടുത്തുന്നു. | അക്കാദമിക വർഷം | റിസോഴ്സ് അധ്യാപകർ | |

## മേഖല : കലാ-കായികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശക |
|---|---|---|---|---|
| • കുട്ടികളുടെ ഉള്ളിൽ അന്തർലീനമായി കിടക്കുന്ന സവിശേഷ ശേഷികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | ചിത്രകലയെ കുറിച്ചുള്ള ഡെമോൺസ്ട്രേഷൻ ക്ലാസുകൾ, പെയിന്റിംഗ് എന്നിവയിൽ താൽപര്യമുള്ള മുഴുവൻ കുട്ടികൾക്കും പരിശീലനം | അക്കാദമിക വർഷം | അധ്യാപകർ | - |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| . സ്വയം തൊഴിൽ മേഖലയിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു | ചോക്ക് നിർമ്മാണം, കലാ-കായിക പുസ്തകത്തിൽ നൽകിയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | അധ്യാപകർ | - |
| | മേഖല : സ്കൂൾ അസംബ്ലി , സർഗവേളകൾ | | | |
| 1) സദസ്സിനെ അഭിമുഖീകരിക്കുവാൻ ആത്മവിശ്വാസം വളർത്തൽ, ആത്മ ധൈര്യം നേടൽ | ഒരു പഠിതാവ് നേടിയെടുക്കേണ്ട മൂല്യങ്ങളായ ബഹുമാനം, സത്യ സന്ധത, സഹാനുഭൂതി എന്നിവ യൊക്കെ മുൻനിർത്തി ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികൾ തന്നെ ഒരുക്കുന്ന അസംബ്ലി സംഘടിപ്പിക്കുന്നു. ഇതിലൂടെ വേദിയെ അഭിമുഖീ കരിക്കാനുള്ള ആത്മവിശ്വാസം നേടുന്നു. അവതരണത്തിനുള്ള ആത്മ ധൈര്യം നേടുന്നതിലൂടെ അവസരത്തിനൊത്ത് കുട്ടികൾ വേദിയിൽ അവരുടെ കഴിവ് പ്രകടിപ്പിക്കാൻ അവസരം ഒരുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ | - |
| 2) സർഗവേളകൾ സജീവമാക്കുന്നതിന് | | | | |